**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3885**

**24.06.2014-ൽ മറുപടിയ്ക്ക്**

## ഗ്ലോബൽ ആയുർവേദ വില്ലേജ്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പാലോട് രവി | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (ബി) ആയുർവേദത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിനും അതിലൂടെ കേരളത്തെ "ആയുർവേദത്തിന്റെ ലോക തലസ്ഥാനം ആക്കുക" എന്ന ലക്ഷ്യത്തോടുംകൂടി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഒരു പദ്ധതിയാണ് ഗ്ലോബൽ ആയുർവേദ വില്ലേജ്. പ്രസ്തുത പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആയുർവേദത്തിലെ ആദ്യത്തെ മികവിന്റെ കേന്ദ്രമാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) ഗ്ലോബൽ ആയുർവേദ വില്ലേജിൽ ആയുർവേദത്തിന്റെ സമ്പൂർണ്ണ വികസനത്തിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജമാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) ആയുർവേദത്തിന്റെ വികസനത്തെ മുന്നിൽകണ്ട് ഗവേഷണ പഠനങ്ങളുടെ ക്രോഡീകരണം, ഡോക്യുമെന്റേഷനുള്ള പ്രവർത്തനങ്ങൾ, ഉയർന്ന നിലവാരമുള്ള ചികിത്സാ പ്രവർത്തനങ്ങൾ, ഇന്റർനാഷണൽ അക്കാദമി, ഫിനിഷിംഗ് സ്കൂളുകൾ, ടെലിമെഡിസിൻ, ആയുർവേദ ടൂറിസം, ലബോറട്ടറികൾ, ആധുനിക ആയുർവേദ സർജറിവിഭാഗം, അന്തർദേശീയ നിലവാരമുള്ള ആയുർവേദ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ഇൻ പേഷ്യന്റ് സൗകര്യം, ഔഷധ സസ്യ പരിപാലനം എന്നീ സൗകര്യങ്ങൾ ഈ മികവിന്റെ കേന്ദ്രത്തിൽ സജ്ജമാക്കാനുദ്ദേശിക്കുന്നു. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) വില്ലേജിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ജില്ലയിൽ തോന്നയ്ക്കൽ ചെമ്പകമംഗലത്ത് 7.48 ഏക്കർ സ്ഥലം കിൻഫ്ര കണ്ടെത്തിയിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിനായി വർക്കല അയിരൂർ വില്ലേജിൽ 63 ഏക്കർ സ്ഥലം കണ്ടെത്തുകയും സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ